File No.TCPKTM/662/2021-C

# തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്
# ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം
# നഗരാസൂത്രകന്റെ നടപടിക്രമം

**വിഷയം** : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം – കൊഴുവനാൽ ഗ്രാമപഞ്ചായത്ത് – പെട്രോൾ പമ്പ് നിർമ്മാണം – ലേ-ഔട്ടിന് അംഗീകാരം നൽകി ഉത്തരവാകുന്നത്– സംബന്ധിച്ച്

**പരാമർശം** : 1. ശ്രീ.സൂരജ് കെ. ഗോപൻറെ 03.11.2021, 13.12.2021, 28.12.2021 എന്നീ തീയതികളിൽ ഈ ഓഫീസിൽ ലഭിച്ച അപേക്ഷകൾ
2. ഈ കാര്യാലയത്തിൽ നിന്ന് പഞ്ചായത്ത് സെക്രട്ടറിയ്ക്കയച്ച 20.11.2021 ലെ TCPKTM/555/2021-C നമ്പർ കത്ത്.
3. ഈ കാര്യാലയത്തിൽ അപേക്ഷകന് അയച്ച 27.12.2021 ലെ TCPKTM/641/2021-C നമ്പർ കത്ത്

---

**ഉത്തരവ് നമ്പർ TCPKTM/662/2021-C/D.DIs** 03/01/2022

---

കൊഴുവനാൽ ഗ്രാമപഞ്ചായത്തിൽ, പുലിയന്നൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 17 -ൽ റീ-സർവേ നമ്പർ 200/4, 200/4-1 ൽ ഉൾപ്പെട്ട 8377 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ നിന്നും 1225 ചതുരശ്ര മീറ്റർ സ്ഥലം പ്രത്യേകം വേർതിരിച്ച്, Canopy (221.00 ച.മീ.), Sales building (52.50 ച.മീ), toilet block (12.54 ച.മീ.) ഉൾപ്പെടെ ആകെ 286.05 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പെട്രോൾ പമ്പ് (Group-I: Hazardous occupancy) നിർമ്മിക്കുന്നതിന് ശ്രീ. സൂരജ് കെ. ഗോപൻ, ശ്രീവത്സം (H), കുമാരനല്ലൂർ പി.ഒ, കോട്ടയം സമർപ്പിച്ച പരാമർശം (1) അപേക്ഷകൾ പരിഗണിച്ച് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 (KPBR -2019) ചട്ടം 5(6), 30 എന്നിവ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകുന്നു.

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും , KPBR-2019 ലെ ചട്ടം 5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി / ഒക്കുപ്പൻസി നൽകുവാൻ പാടുള്ളൂ.

2. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ - 2019 (KPBR-2019) ലെ ചട്ടം.9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത , സർവ്വേ നമ്പർ , വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം , നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപെട്ടിട്ടില്ലായെന്നും ലീസ് എഗ്രിമെന്റ് ഉൾപ്പടെ ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.

3. നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം,

അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമാകരുത്.

4. പ്ലോട്ട് മണ്ണിട്ട് നികത്തുന്നതിന്/മണ്ണ് നീക്കം ചെയ്യുന്നത് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കണം . നിർമ്മാണത്തിന് പ്ലോട്ടിൽ നിന്നും മണ്ണ് നീക്കം ചെയ്യേണ്ടതിനാൽ അതിർത്തിയിൽ ആവശ്യമായ ഉയരത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതാണ്.

5. Differently-abled, Elderly and children എന്നിവർക്ക് കെട്ടിടത്തിലേക്കും ടോയലെറ്റ് ബ്ലോക്കിലേക്കും പ്രവേശിക്കുന്നതിനുള്ള റാമ്പിന് ചട്ടം 42 (3) പ്രകാരമുള്ള 1:12 ചരിവ് ലഭ്യമാക്കേണ്ടതാണ്.

6. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KPBR-2019) ലെ ചട്ടം.79(7) പ്രകാരം In situ liquid waste water management treatment plant and special provisions for re-cycling and re-using of waste water generated out of the use of water സംവിധാനം നൽകുകയും അത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പവരുത്തുകയും വേണം.

7. KPBR -2019, ചട്ടം 47(1) പ്രകാരം fuel tank, vent pipe എന്നിവയുടെ സ്ഥാനവും നിർമ്മാണവും Petroleum Rules 1976 ന് അനുസൃതമായിരിക്കണം

8. നിർമ്മാണം KPBR -2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി കൊഴുവനാൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ. കെ.പി.ബി.ആർ-2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്കും, ക്രമവൽക്കരണത്തിനും പരിഗണിക്കുവാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 01/2022/KTM)

**ANILKUMAR P, TP TPKTYM, O/O TP TPKTYM**

**സെക്രട്ടറി**
കൊഴുവനാൽ ഗ്രാമപഞ്ചായത്ത് (പ്ലാൻ 1 സെറ്റ് സഹിതം)

<u>പകർപ്പ്</u> :

1. **ശ്രീ. സൂരജ് K. ഗോപൻ**, ശ്രീവൽസം (വീട്), കുമാരനെല്ലൂർ പി.ഒ, കോട്ടയം
2. കരുതൽ ഫയൽ
3. അധികം -1